(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദീകരിക്കാമോ ;

(സി) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി അനുവദിക്കാനുദ്ദേശിക്കുന്ന യാത്രാവാഹനം എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി&സി) ശ്രീ. കെ. വി. തോമസ് എം.പി.-യുടെ എം.പി. ഫണ്ടിൽനിന്നും തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. റാങ്ക്‌ലിസ്റ്റ്

11 (2825) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 57/09 കാറ്റഗറി നമ്പരിലുള്ള രണ്ടാം ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം നീട്ടിക്കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ;

(സി) രണ്ടാം ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ് ; ഈ ലിസ്റ്റിൽനിന്നും ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 18-5-2012-ൽ പ്രസിദ്ധീകരിച്ചു.

(ബി) 18-5-2012-ൽ നിലവിൽ വന്ന കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 30-9-2015 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) ടി ലിസ്റ്റിന് 30-9-2015 വരെ കാലാവധിയുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, 29-6-2015 വരെ ആകെ 1476 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ കൃഷി ഡയറക്ടർ സ്വീകരിച്ചുവരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly